റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): (എ, ബി) കാണക്കുടിയാൻമാർക്ക് ഒരു വലിയ സംഖ്യ പ്രതിഫലമിനത്തിൽ ജൻമിക്ക് നൽകേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷം ഒഴിവാക്കുന്നതിലേക്ക് കേരള ഭൂപരിഷ്കരണനിയമത്തിലെ 27-ം വകുപ്പിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചുവരുന്നു.

ഭൂമി തിരിച്ചേൽപ്പിക്കൽ നിയമം

* 674 [731] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചേൽപ്പിക്കൽ നിയമം എന്നാണ് പാസാക്കിയത്;

(ബി) നിയമം നടപ്പിലാക്കാത്തതിൻെറ കാരണം എന്ത്;

(സി) നിയമം കർശനമായി നടപ്പാക്കാൻ നടപടികൾ എടുക്കുമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ):

(എ) 11.11.1975-ൽ.

(ബി) കേന്ദ്ര ഗവൺമെൻറ്: ഈ നിയമത്തിന് അനുമതി നൽകിയപ്പോൾ കേന്ദ്രത്തിലെ നിയമ വകുപ്പിൻെറ ശുപാർശ പ്രകാരമുള്ള ചില ഭേദഗതികൾകൂടി ഈ നിയമം നടപ്പിലാക്കുന്നതിന് മുൻപ് പരിഗണിക്കണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. പ്രസ്തുത ഭേദഗതിയെക്കുറിച്ച് ഇതുവരേയും ഒരു അവസാന തീരുമാനം എടുത്തിട്ടില്ല. അതിനുവേണ്ടി നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികളുമായി കൂടിയാലോചനകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(സി) ഇതിലേക്കുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ പ്രവർത്തനങ്ങൾ

* 675 [732] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ ആഭിമുഖ്യത്തിൽ പുതിയതായി തിയേറ്ററുകൾ പണിയുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) കേരളത്തിനു തനതായി ഒരു ഫിലിം സെൻസർ ബോർഡുണ്ടാക്കുവാൻ കോർപ്പറേഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) നല്ല പടങ്ങൾ പ്രദർശിപ്പിക്കുവാൻ സിനിമാശാലകൾ കിട്ടാത്ത ഇന്നത്തെ ദയനീയാവസ്ഥ പരിഹരിക്കുവാൻ ഫിലിം ചേംബർ പ്രതിനിധികളുമായി ഒരു കോൺഫറൻസ് നടത്തി തീരുമാനങ്ങൾ എടുക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ;

(ഇ) കോർപ്പറേഷൻെറ കഴിഞ്ഞവർഷത്തെ ലാഭനഷ്ടക്കണക്കുകൾ പറയാമോ?

LIBRARY, ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും, പുറമേ ഒരു ജില്ലയിലും ഏതെങ്കിലും ഒരു താലൂക്കാസ്ഥാനത്തിൽ ഒന്ന് എന്ന ക്രമത്തിലും.

(സി) കോർപ്പറേഷന്റെ ശുപാർശപ്രകാരം കേരള ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

(ഡി) പരിഗണിക്കാവുന്നതാണ്.

(ഇ) 1.86 ലക്ഷം രൂപ നഷ്ടം.

റീസർവേ

* 676 [733] ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റീസർവേ തുടങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് വർഷത്തിലാണ് തുടങ്ങിയത്;

(സി) റീസർവേക്കുവേണ്ടി 1978 ഡിസംബർ മാസം 31 വരെ ചെലവാക്കിയ സംഖ്യ എത്ര;

(ഡി) 1978 ഡിസംബർ 31 വരെ എത്ര ച.കി.മീ. റീസർവേ ചെയ്തു?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഉണ്ട്.

(ബി) 1966-ൽ

(സി) 1978 ഡിസംബർ 31-വരെ ചിലവാക്കിയ സംഖ്യ 1956.09 ലക്ഷം രൂപ.

(ഡി) 11548 ച.കി.മീറ്റർ.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

സർവ്വീസിലിരിക്കെ മരണമടയുന്ന പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരുടെ ആശ്രിതർക്ക് സഹായം

1145 [1825] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ഇ. ആറിലെ 14 (ബി) ഓപ്റ്റ് ചെയ്ത് 55 വയസ്സിനുശേഷം 60 വയസ്സ് പൂർത്തിയാകുന്നതിനുമുൻപ് സർവ്വീസിലിരിക്കെ മരണമടയുന്ന പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരുടെ ആശ്രിതർക്ക് ഫാമിലി പെൻഷൻ നൽകാൻ ഇപ്പോൾ വ്യവസ്ഥയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly